**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം- ഉഴവൂർ ബ്ലോക്ക് മുൻ ജോയിന്റ് ബ്ലോക്ക് ഡവലപ് മെന്റ് ഓഫീസർ ശ്രീ.എം.റ്റി.ആന്റണി- സസ്പെൻഷൻ കാലം ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ( ഇആർബി) വകുപ്പ്**

**സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 509/2013/തസ്വഭവ. തിരുവനന്തപുരം, തീയതി: 28.02.2013**

---

പരാമർശം:- 1. സ.ഉ.(സാധാ)നം.3059/06/തസ്വഭവ, തീയതി 28.11.2006.

2. W.P(C) No.15746/07 -ൽ 21.8.07ലെ ബഹു.ഹൈക്കോടതിയുടെ വിധിന്യായം.

3. സ.ഉ.(സാധാ) നമ്പർ.2871/07/തസ്വഭവ, തീയതി, 23.10.2007.

4. 14.11.2007ലെ 29382/എസ്റ്റാ.ബി3/07/സിആർഡി നമ്പർ ഉത്തരവ്.

5 29.09.2008ലെ 1348/ഇആർബി3/07/തസ്വഭവ നമ്പർ കുറ്റപത്രിക.

6. സ.ഉ.(സാധാ)നമ്പർ.1819/09/തസ്വഭവ, തീയതി, 20.07.2009.

7. 22.09.2011ലെ ശ്രീ.എം.റ്റി.ആന്റണിയുടെ അപേക്ഷ.

8. 07.01.2013ലെ ഗ്രാമവികസന കമ്മീഷണറുടെ 12890/എസ്റ്റാ.എ2/12/ സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം, ഉഴവൂർ ബ്ലോക്കിലെ മുൻ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ ശ്രീ.കെ.കെ.ജോസഫ് റിട്ടയർ ചെയ്ത ശേഷം ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ ഇൻ ചാർജ്ജ് വഹിച്ചിരുന്ന ശ്രീ.എം.റ്റി.ആന്റണി ജില്ലാ ഗ്രാമവികസന ഏജൻസിയിൽ (DRDA) നിന്നും നിയമാനുസൃതം ലഭിച്ചതും ഗോഡൗണിൽ സൂക്ഷിക്കേണ്ടതുമായ ഭക്ഷ്യധാന്യം 31.10.2005ൽ പെൻഷനായ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറെ 01.12.2005ൽ ഏൽപ്പിച്ച പ്രവൃത്തി തികഞ്ഞ അനാസ്ഥയും ഔദ്യോഗിക കൃത്യ നിർവ്വഹണത്തിലെ വീഴ്ചയുമായി കണ്ടെത്തുകയും പരാമർശം (1)ലെ സർക്കാർ ഉത്തരവ് പ്രകാരം ശ്രീ.എം.റ്റി.ആന്റണിയെ സസ്പെന്റ് ചെയ്യുകയുമുണ്ടായി. പരാമർശം (2) പ്രകാരമുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ടിയാനെ പരാമർശം (3)ലെ സർക്കാർ ഉത്തരവ് പ്രകാരം സർവ്വീസിൽ പുന:പ്രവേശിപ്പിക്കുകയും പരാമർശം (4) പ്രകാരം ടിയാനെ മഞ്ചേശ്വരം ബ്ലോക്കിൽ ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (ആർഎച്ച്) ആയി നിയമിക്കുകയും ചെയ്തു.

പരാമർശം (5) പ്രകാരം കുറ്റാരോപണ പത്രവും കുറ്റപത്രികയും ടിയാന് നൽകുകയും പരാമർശം (6)ലെ സർക്കാർ ഉത്തരവ് പ്രകാരം ടിയാന്റെ രണ്ട് വാർഷിക

ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യമില്ലാതെ തടഞ്ഞ് കൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

തുടർന്ന് ശ്രീ.എം.റ്റി.ആന്റണി തന്റെ സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് അർഹമായ ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവാകണമെന്ന് പരാമർശം (7) പ്രകാരം അപേക്ഷ സമർപ്പിക്കുകയും അച്ചടക്ക നടപടിയിന്മേൽ ശ്രീ.എം.റ്റി.ആന്റണിയെ പൂർണ്ണമായും കുറ്റവിമുക്തമാക്കാത്ത സാഹചര്യത്തിൽ ടിയാന്റെ സസ്പെൻഷൻ കാലയളവ് അർഹതപ്പെട്ട അവധിയായി പരിഗണിച്ച് ക്രമീകരിക്കണമെന്നും ഗ്രാമവികസന കമ്മീഷണർ പരാമർശം 8ലെ കത്തിലൂടെ ശുപാർശ ചെയ്യുകയുമുണ്ടായി.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയും ശ്രീ.എം.റ്റി.ആന്റണിയുടെ 28.11.2006 മുതൽ 22.10.2007 വരെയുള്ള സസ്പെൻഷൻ കാലം ശമ്പളവും അലവൻസുകളും ഉപജീവനബത്തയിൽ പരിമിതപ്പെടുത്തി മറ്റെല്ലാ കാര്യത്തിനും ഡ്യൂട്ടിയായും ടിയാനെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ച 23.10.2007 തീയതി മുതൽ ഡ്യൂട്ടിയിൽ പുനഃപ്രവേശിച്ച തീയതി വരെയുള്ള ഇടവേള കേരള സർവ്വീസ് റൂൾസ്, ഭാഗം I, ചട്ടം 56 B (9) ന് താഴെയുള്ള കുറിപ്പ് 2 പ്രകാരം പ്രവേശന കാലമായോ അർഹതപ്പെട്ട അവധിയായോ ഇവ രണ്ടുമായോ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇക്കാര്യത്തിൽ ഗ്രാമവികസന കമ്മീഷണർ മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.യു.രാജീവ്**
**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ.എം.റ്റി.ആന്റണി, ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ, കടുത്തുരുത്തി
(ഗ്രാമവികസന കമ്മീഷണർ മുഖേന)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), കോട്ടയം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ